പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1143 30.09.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി വാഹനങ്ങളിലെ ഇന്ധന ചെലവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.അബ്ദു റബ്ബ് | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യുടെ കീഴിലുള്ള പാസഞ്ചർ വാഹനങ്ങൾ ഒഴികെയുള്ളവയിൽ ഡീസൽ വാഹനങ്ങൾ, പെട്രോൾ വാഹനങ്ങൾ എന്നിവ എത്രയെണ്ണമാണെന്നുള്ള വിവരം വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സിയിലെ പാസഞ്ചർ വാഹനങ്ങൾ ഒഴികെയുള്ളവയിൽ 181 ഡീസൽ വാഹനങ്ങളും (92 ഡിപ്പോവാനുകൾ, 67 ലൈറ്റ് മോട്ടോർ വാഹനങ്ങൾ, ടാങ്കർ ലോറികൾ അടക്കമുള്ള 22 ഇതര വാഹനങ്ങൾ) ഒരു പെട്രോൾ മോട്ടോർ സൈക്കിളുമാണുള്ളത്. |
| (ബി) | പ്രസ്തുത വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്നതിന് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്.<br>ഓരോ വാഹനത്തിനും പ്രത്യേകം പ്രത്യേകം ലോഗ് ബുക്കുകളും, വ്യവസ്ഥ പ്രകാരമുള്ള രേഖകളും സൂക്ഷിക്കുന്നുണ്ട്. |
| (സി) | സർക്കാർ അധികാരത്തിൽ വന്ന ശേഷം പാസഞ്ചർ വാഹനങ്ങൾ ഒഴികെയുള്ള വാഹനങ്ങളിൽ ഓരോന്നിലും ഇന്ധനം ചെലവായതിന്റെ കണക്ക് വ്യക്തമാക്കുമോ? ഇതിനുവേണ്ടി കെ.എസ്.ആർ. ടി.സി ആകെ എന്ത് തുക ചെലവാക്കിയെന്നു വ്യക്തമാക്കുമോ? | (സി) | സർക്കാർ അധികാരത്തിൽ വന്നശേഷം 2016 ജൂൺ മാസം മുതൽ ആഗസ്റ്റ് മാസം വരെ ഡീസൽ വാഹനങ്ങളിൽ 168012 ലിറ്റർ ഇന്ധനവും (ഡിപ്പോവാനുകൾക്ക് 92750 ലിറ്ററും, ലൈറ്റ് മോട്ടോർ വാഹനങ്ങൾക്ക് 21890 ലിറ്ററും, ടാങ്കർ ലോറികൾ അടക്കമുള്ള ഇതരവാഹനങ്ങൾക്ക് 53372 ലിറ്ററും) പെട്രോൾ വാഹനത്തിൽ 15.7 ലിറ്റർ ഇന്ധനവും നിറച്ചിട്ടുണ്ട്. ഇതിനായി 93.4 ലക്ഷം രൂപ (ഡിപ്പോവാനുകൾക്ക് 51.56 ലക്ഷവും, ലൈറ്റ് മോട്ടോർ വാഹനങ്ങൾക്ക് 12.17 ലക്ഷവും, ടാങ്കർ ലോറികൾ അടക്കമുള്ള ഇതരവാഹനങ്ങൾക്ക് 29.67 ലക്ഷവും പെട്രോൾ വാഹനത്തിന് 1000 രൂപയും) ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ